നം.കെ.എസ്.എ-കെ.ടി.എം.പി14/1343/2017 തീയതി : 08.09.2017

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.12.16 മുതൽ 20.7.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ച ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 11.08.2017ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	04.08.2017- 11.08.2017
ഉദ്യോഗസ്ഥർ	ശ്രീ.സജി പി.ആർ., ഓഡിറ്റ് ഓഫീസർ ശ്രീ.രാജേഷ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ശ്രീ.ബാബുരാജ് കെ.ബി., ഓഡിറ്റർ

നിർവഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി സതി വിജയൻ	01.04.2016-31.03.2017
സെക്രട്ടറി	ശ്രീ.ഷിബു കെ.കെ., ഹെഡ് ക്ലർക്ക് (ചാർജ്)	1.04.2016- 25.07.16
	ശ്രീ.രാരാരാജ്	26.07.16-31.03.17

നിർവഹണോദ്യോഗസ്ഥർ

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	ഡോ.ആരതി രഞ്ജിത്	01.04.2016- 14.03.17 FN
	ഡോ.രാധിക വിജയൻ	14.03.17 FN- 31.03.2017
അസിസ്റ്റന്റ് എൻജിനീയർ	ശ്രീമതി ഗിരിജ	01.04.2016-31.03.2017
മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	ഡോ.സെറിൻ എസ്.	01.04.2016-31.03.2017
കൃഷി ഓഫീസർ	ശ്രീമതി അശ്വതി വിജയൻ	01.04.2016-31.03.2017
വെറ്ററിനറി സർജൻ	ഡോ.സജിനി കെ. ജോസഫ്	01.04.2016-31.03.2017

വി.ഇ.ഒ	ശ്രീ.സിജോഷ് ജോർജ്	1.04.2016- 31.03.2017
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി പുഷ്കല പി.എൻ.	01.04.2016-31.03.2017
ഹെഡ്മാസ്റ്റർ	ശ്രീ.ഐസക് ജോർജ്	01.04.2016-31.03.2017
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	ശ്രീമതി ജിസ ജോസഫ്	01.04.2016-31.03.2017

ഉള്ളടക്കം

ഖണ്ഡിക നമ്പർ	വിഷയം
	ഭാഗം 1 പൊതു അവലോകനം
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ട് വിനിയോഗം
1-6	പദ്ധതി അവലോകനം
1-7	തനത് വരുമാനം
1-8	ക്ഷേമപദ്ധതികൾ
1-9	ക്യാഷ് വെരിഫിക്കേഷൻ
1-10	ആഭ്യന്തരനിയന്ത്രണം
1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
1-12	ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം
	ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
2-1	വാർഷിക കണക്കുകളുടെ അവലോകനം
2-2	കെട്ടിടനിർമ്മാണം ക്രമവത്കരിക്കൽ--ഫീസ് ഈടാക്കിയതിലെ കുറവ്
2-3	കെട്ടിടനിർമ്മാണാനുമതി--രേഖകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ
2-4	വസ്തുനികുതി പരിഷ്കരണം--നികുതി നിർണ്ണയത്തിലെ അപാകതകൾ
2-5	ഡി&ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു
	ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
3-1	വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയിട്ടില്ല
3-2	അങ്കണവാടി വൈദ്യുതീകരണം സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച തുക തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു

3-3	തെരുവ് വിളക്ക് സോളാർ സ്ഥാപിയ്ക്കൽ--പൂർത്തീകരണ വിവരം ലഭ്യമല്ല--ചെലവ് തടസ്സപ്പെടുത്തുന്നു
3-4	പദ്ധതി നിർവ്വഹണവും മോണിട്ടറിംഗും--വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു
3-5-1	ആറ്റുപുറം റോഡ് കോൺക്രീറ്റിംഗ് രണ്ടാംഘട്ടം--മിക്സർമെഷീൻ വാടകയിൽ ഇരട്ടിപ്പ്;--അധികം നൽകിയ തുക നിരാകരിക്കുന്നു
3-5-2	ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ--മിക്സർമെഷീൻ വാടക ഇരട്ടിപ്പ്;-- അധികം നൽകിയ തുക നിരാകരിക്കുന്നു
3-6	പി.എച്ച്.സി. കെട്ടിടം അറ്റകുറ്റപ്പണി--അധികനിരക്ക് നൽകി
3-7	ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ--മരുന്ന് ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു
3-8	മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു
3-9	സ്ഥലം വാങ്ങുന്നതിന് ധനസഹായം--50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു
3-10	ഭവനപുനരുദ്ധാരണം--25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു
3-11	പഠനമുറി നിർമ്മാണത്തിന് സഹായം--ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല
3-12	തദ്ദേശമിത്രം പദ്ധതി അവലോകനം
3-13	വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങളും വാങ്ങൽ പദ്ധതി--അപാകതകൾ
	ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
4-1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ്
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപങ്ങൾ (വാർഷിക കണക്ക് പ്രകാരം)
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ഓഡിറ്റ് പ്രത്യവലോകനം
4-9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
അനുബന്ധം 1	ഓഡിറ്റ് സാക്ഷ്യപത്രം 2016-17
അനുബന്ധം 2	ബാലൻസ് ഷീറ്റ് 2016-17
അനുബന്ധം 3	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17
അനുബന്ധം	റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17

4	

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് പഞ്ചായത്ത് കമ്മറ്റിയുടെ 29.02.16ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം		ശതമാനം
			കൂടുതൽ	കുറവ്	(+) / (-)
മുന്നിരിപ്പ്	3,07,702	2,85,876.50		21,825.5	- 7.09
വരവ്	3,64,88,000	2,84,73,027		80,14,973	- 21.96
ആകെ	3,67,95,702	2,87,58,903.5		80,36,798.5	- 21.84
ചെലവ്	3,58,88,000	2,74,45,926		84,42,074	- 23.52
നീക്കിയിരിപ്പ്	9,07,702	13,12,977.5	4,05,275		+ 44.64

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട അവസാന തീയതി	ലഭിച്ച തീയതി
31.07.2017	22.6.2017

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2016-17	8.8.2017	സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2,85,876.50
വരവ്	2,84,73,027
ആകെ	2,87,58,903.5
ചെലവ്	2,74,45,926
നീക്കിയിരിപ്പ്	13,12,977.5

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	ബജറ്റ് വിഹിതം	ആകെ	ചെലവ്	സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	41,13,418	41,13,418	36,96,141	4,17,277	89.85
വികസനഫണ്ട് എസ്.സി.പി.	0	7,88,484	7,88,484	6,88,484	1,00,000	87.31
വികസനഫണ്ട് ടി.എസ്.പി.	0	30,43,446	30,43,446	26,66,636	3,76,810	87.62
സംരക്ഷണഗ്രാന്റ് റോഡ്	0	28,72,998	28,72,998	25,46,250	3,26,748	88.62
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	25,54,755	25,54,755	21,78,811	3,75,944	85.28
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	23,07,151	23,07,151	19,29,447	3,77,704	83.63
പെർഫോമൻസ് ഗ്രാന്റ്(സെൻട്രൽ)	0	1,28,90,546	1,28,90,546	41,61,908	87,28,638	32.28

1-6 പദ്ധതി അവലോകനം

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 29.7.2016ലും 01.02.2017ലും കൂടിയതായി കാണുന്നുണ്ടെങ്കിലും വിശദമായ മിനിറ്റ്സ് തയ്യാറാക്കിയതായി കാണുന്നില്ല. 3.8.2016ൽ ചേർന്ന വികസനസെമിനാർ പദ്ധതി അംഗീകരിച്ചതായി കാണുന്നു. ചർച്ച സംബന്ധിച്ച വിവരം മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പല ഗ്രാമസഭാ/ഊരുകൂട്ടം മിനിറ്റ്സിലും അറ്റന്റൻസ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും പ്രസ്തുത സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നു എന്ന് കണക്കാക്കാൻ കഴിയില്ല. കൂടാതെ പ്രോജക്ടുകളുടെ ഫയലിൽ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുമില്ല. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
107	94	--	13	87.85

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	3	3	97,200	97,200	100
വെറ്ററിനറി സർജൻ	4	4	23,28,110	19,92,110	85.57
ഹെഡ്മാസ്റ്റർ	1	1	40,000	40,000	100
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	1	1	2,00,000	2,00,000	100
സെക്രട്ടറി	33	30	2,39,52,986	76,09,921	31.77
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	5	5	7,45,000	5,45,000	73.15

ഐ.സി.ഡി.എസ്.സൂപ്പർവൈസർ	4	4	13,77,105	12,43,818	90
വി.ഇ.ഒ	11	8	31,01,600	24,96,677	80.49
ഡി.ഇ.ഒ	1	1	1,60,000	1,60,000	100
അസിസ്റ്റന്റ് എഞ്ചിനീയർ	44	37	71,76,288	60,07,472	83.71
ആകെ	107	94	3,91,78,289	2,03,92,198	52.04

തൻവർഷം പഞ്ചായത്ത് എറ്റെടുത്ത പ്രോജക്ടുകളിൽ 87% പ്രവൃത്തി ആരംഭിച്ചെങ്കിലും അടങ്കലിന്റെ 52% മാത്രമാണ് ചെലവ് നടന്നത്, പന്ത്രണ്ടാം പദ്ധതിയിൽ ഉൽപാദനമേഖലക്ക് മുൻഗണന നല്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും ആകെ അടങ്കലിന്റെ 0.25% മാത്രമാണ് ഉല്പാദനമേഖലയിൽ വകയിരുത്തിയതും ചെലവഴിച്ചിട്ടുള്ളതും.

1-7 തനത് വരുമാനം

2015-16 വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	7,32,095	14,09,334	6,77,239	+ 92.5
നികുതിയേതര വരവുകൾ	38,766	2,86,570	2,47,804	+ 639.2
മറ്റുവരവുകൾ	14,009	11,509	2,500	- 17.84
ആകെ	7,84,870	17,07,413	9,22,543	+ 117.5

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	1,23,600	71
കർഷകതൊഴിലാളി പെൻഷൻ	10,97,230	115
വിധവാപെൻഷൻ	17,79,000	163
വാർദ്ധക്യകാലപെൻഷൻ	40,52,885	411
വികലാംഗപെൻഷൻ	9,12,165	93
50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ	1,50,800	16
സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	60,000	2

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2017 തീയതി 3.20 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 62 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി, രസീതു ബുക്കുകൾ എന്നിവയുടെ സ്റ്റോക്ക്, രജിസ്റ്ററിൽ ചേർത്ത് കൃത്യമായി പരിപാലിയ്ക്കുന്നുണ്ട്. വിവിധ നികുതി/ഫീസിനങ്ങളുടെ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇതിൽ ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടി വിവരം രേഖപ്പെടുത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്.

ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതിയുടെ വിവരശേഖരണം കൃത്യമായി ചെയ്യാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ കംപ്യൂട്ടറുകൾ, ഫർണിച്ചർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് ഒരു സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് പരിപാലിയ്ക്കുന്നത്. ഫർണിച്ചറുകൾക്ക് കൃത്യമായി നമ്പർ നൽകി സ്റ്റോക്കിലെടുക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ചെലവ് വൗച്ചറുകൾ ബിൽ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	06/2016	05/2017	റിപ്പോട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	08/2005	2004-05	LBA(HQ) 8A- 863/513 തീയതി- 8.9.2015

1-12 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ എന്നും ടി ഉത്തരവാദിത്തങ്ങളും ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചിട്ടുണ്ടോ എന്നും അതുവഴി പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചിട്ടുണ്ടോ എന്നും ഇപ്രകാരം ലഭിച്ച വരുമാനം കൃത്യമായി വിനിയോഗിച്ചിട്ടുണ്ടോ എന്നും കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വിവിധ വരവിനങ്ങളുടെ അടിസ്ഥാന രേഖകൾ, വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങൾ പ്രാപ്തമായിട്ടുണ്ടോ എന്ന് വിലയിരുത്തുക എന്നതാണ് ഓഡിറ്റ് മാനദണ്ഡം.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കുകളുടെ അവലേകനം

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 3,65,58,468 രൂപയും ആകെ ചെലവ് 3,66,96,096 രൂപയും പ്രവർത്തനമിച്ചം (-) 1,37,628 രൂപയുമാണ്.

2) റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ)- 2,87,58,903.50 രൂപയും ആകെ

ചെലവ് 2,74,45,926 രൂപയുമാണ്.

3) 31.3.2017 ലെ നീക്കിയിരിപ്പ് 13,12,977.50 രൂപയാണ്.

4) 31.3.2017 ആകെ ആസ്തിമൂല്യം 2,82,14,517.50 രൂപയും ആകെ ബാദ്ധ്യത 81,33,897 രൂപയുമാണ്.

5) 31.3.2017 ആകെ ജനറൽ ഫണ്ട് (-)50,12,564.40 രൂപയാണ്.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ കൃത്യമായി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രി നടത്തിയത് കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി കണക്കുകൾ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

3) ലോകബാങ്ക് ധനസഹായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവും ചെലവും 49,61,877 രൂപയാണ് എന്നാൽ എ.സി.ആർ പ്രകാരമുള്ള ചെലവ് 41,61,908 രൂപ മാത്രമാണ്.

മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ഖണ്ഡികയുടെ ആദ്യഭാഗത്ത് ചേർത്തിട്ടുള്ള, 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങളിൽ സാരമായ വ്യതിയാനം വരുന്നതാണ്.

2-2 കെട്ടിട നിർമ്മാണം ക്രമവത്കരിക്കൽ-ഫീസ് ഈടാക്കിയതിലെ കുറവ്

ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ പെർമിറ്റ് പുതുതായി അനുവദിക്കുന്നവയുടെ കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കേണ്ടതാണ് എന്ന് ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറി ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ച 11.11.2015 ലെ 229813/ആർ ഡി 2/15 നം.കത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിക്കുന്നതിന് പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക മാത്രമേ ഈടാക്കിയിട്ടുള്ളൂ .

കെട്ടിട ഉടമയുടെ പേര്	ഉപയോഗക്രമം/ തറ വിസ്തീർണ്ണം	ഈടാക്കിയ ഫീസ്	ഈടാക്കേണ്ടിയിരുന്നത്	കുറവ്
തോമസ് കെ.ജി., കൊടിപ്ലാക്കൽ	പാർപ്പിടം/ 123.7ച.മീ	742	1113	371
ബിൻസി സിജോ, പാലക്കലോടിയിൽ	പാർപ്പിടം/ 108.5ച.മീ	651	977	326
ആകെ				697

ഇപ്രകാരം കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ട അപേക്ഷകരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-3 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ,നിർമ്മാണ പൂർത്തീകരണം,

ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2-4 വസ്തുനികുതി പരിഷ്കരണം -നികുതി നിർണ്ണയത്തിലെ അപാകതകൾ

2011ലെ കേ.പ.രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 14.01.2011 തീയതി മുതൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച നികുതിയാണ് ചുമത്തേണ്ടിയിരുന്നത്. എന്നാൽ, നികുതി നിർണ്ണയ രജിസ്റ്ററും സഞ്ചയ ഫോറം 6ഉം പരിശോധിച്ചതിൽ, 14.01.2011ന് ശേഷം നികുതി നിർണ്ണയിച്ച ചില കെട്ടിടങ്ങൾക്ക് ARVയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചതായും ആയത് പരിഷ്കരിച്ച നിരക്കിൽ പുനർനിർ ണ്ണയിച്ചിട്ടില്ലാത്തതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊ ടുക്കുന്നു.

കെട്ടിട നം	ഉടമയുടെ പേര്	ഉപയോഗക്രമം/തറവിസ്തീർണ്ണം	നിർണ്ണയിച്ച നികുതി	അർദ്ധവർഷം
2/37	ലത്തീഫ്, കരിമ്പനക്കൽ	പാർപ്പിടം/87 ച.മീ	324	2011-12/2
7/13	ജോർജ് തോമസ്, കുന്നക്കാട്ട്	പാർപ്പിടം/101.36ച.മീ	486	2011-12/2
12/102	ആന്ത്രയോസ് വർക്കി,വാഴയിൽ	പാർപ്പിടം/89 ച.മീ	227	2011-12/2
10/78	സജി അഗസ്റ്റിൻ, കുറ്റിപ്പാലക്കൽ	പാർപ്പിടം/88 ച.മീ	324	2011-12/2

16.09.2011ൽ നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾക്കും വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി (₹260) നിർണ്ണയിച്ച് 100% വർദ്ധനവ് വരുത്തി പരിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, ഫോറം 6 പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് 15/10 വർഷത്തെ പഴക്കം കാണിച്ച് 10% ഇളവ് നൽകിയിട്ടുള്ളതായും കാണുന്നു.

കെട്ടിട നം	ഉടമയുടെ പേര്	ഉപയോഗക്രമം/തറവിസ്തീർണ്ണം	നിർണ്ണയിച്ച നികുതി	അർദ്ധവർഷം
2/125	സെക്രട്ടറി, ജുമാ-മസ്ജിദ്, തലനാട്	വാണിജ്യം/12 ച.മീ	520	2011-12/2
2/126	സെക്രട്ടറി, ജുമാ-മസ്ജിദ്, തലനാട്	വാണിജ്യം/12 ച.മീ	520	2011-12/2
2/127	സെക്രട്ടറി, ജുമാ-മസ്ജിദ്, തലനാട്	വാണിജ്യം/13 ച.മീ	520	2011-12/2

മേൽപ്പറഞ്ഞതിൽ 2/125 നം കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ളവയുടെ ഗണത്തിലും മറ്റ് 2 എണ്ണം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ളവയുടെ ഗണത്തിലും പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

13-ാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള ഐഡിയ മൊബൈൽ ടവ്വറിന്റെ അനുബന്ധ കെട്ടിടങ്ങളാണ് 13/193,13 /194,13/195 നമ്പരുകളിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്നും 6.3 മീറ്റർ ഒരുവശത്തിന് നീളമുള്ള സമഭുജ ത്രികോണത്തിന് തുല്യമായ തറവിസ്തീർണ്ണമുള്ള ടവ്വറിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല എന്നും

കാണുന്നു. കൂടാതെ, 5-ാം വാർഡിൽ പ്രവർത്തിക്കുന്ന ഇൻഡസ് ടവ്വറിന്റെ 10 ച.മീ തറ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം മാത്രമാണ് അസസ് ചെയ്തിട്ടുള്ളത് എന്നും അനുബന്ധകെട്ടിടങ്ങളായി സെക്യൂരിറ്റി റൂമും ജനറേറ്റർ റൂമും ഉള്ളതായി അറിയുന്ന പ്രസ്തുത ടവ്വറിന്റെ കാര്യത്തിലും ടവ്വറിന്റെയും ഒരു അനുബന്ധ കെട്ടിടത്തിന്റെയും നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് കാണുന്നു.

സഞ്ചയയിൽ, നികുതി ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ ലിസ്റ്റിൽ 64 കെട്ടിടങ്ങളാണുള്ളത്. ആയത് പരിശോധിച്ചതിൽ, 60 ച.മീറ്ററിൽ താഴെയുള്ള വളരെ ചുരുക്കം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ മാത്രമാണ് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉള്ളത് എന്ന് കാണുന്നു. സത്യവാങ്മൂലം വാങ്ങി, കുടുംബനാഥൻ/കുടുംബനാഥ സ്വന്തം ആവശ്യത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന്റെ നികുതി 2015-16 മുതൽ ഒഴിവാക്കുന്നതിന് വ്യവസ്ഥ ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ അത്തരം ഭൂരിഭാഗം കെട്ടിടങ്ങളും ഡിമാന്റിൽ നിന്നും (സഞ്ചയ) ഒഴിവാക്കപ്പെട്ടിട്ടില്ല. തന്മൂലം സഞ്ചയ പ്രകാരമുള്ള ഡിമാന്റും ബാലൻസും യഥാർത്ഥമല്ല.

വസ്തുനികുതി നിർണ്ണയത്തിലുണ്ടായ അപാകതകൾ ഉടൻ പരിഹരിച്ച് ടി കെട്ടിടങ്ങൾക്ക് കൃത്യമായ നികുതി ചുമത്തി തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4) മറുപടി നൽകിയിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

2-5 ഡി&ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1ലെ ക്രമ നം.139പ്രകാരം അബ്കാരിഷാപ്പുകൾ, ക്രമ നം.149 പ്രകാരം റേഷൻകടകൾ, ക്രമ നം.134 പ്രകാരം റബ്ബർ, റബ്ബറുല്പന്നങ്ങളുടെ നിർമ്മാണം, സംഭരണം, വില്പന എന്നിവയ്ക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻകടകളും അബ്കാരിഷാപ്പുകളും റബ്ബർ ഉത്പാദക സഹകരണ സംഘങ്ങളും പ്രസ്തുത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഇനത്തിലും വരുമാനമൊന്നും ലഭിക്കുന്നില്ല.

വളരെ കുറച്ച് വ്യാപാര സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. 48 സ്ഥാപനങ്ങൾക്ക് തൻവർഷം ലൈസൻസ് നൽകിയിട്ടുണ്ട്. ജീവനക്കാർ 26.11.2016 ന് നടത്തിയ പരിശോധനയിൽ ലൈസൻസില്ലാതെയും വ്യത്തിഹീനമായും പ്രവർത്തിച്ച 3 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയതായി കാണുന്നു. ഇത്തരം പരിശോധനകൾ നടത്തി പഞ്ചായത്ത് പരിധിയിൽ ഡി&ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ ഒരു വ്യാപാര-വ്യവസായ സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പരിപാലിക്കേണ്ടതുമാണ്.

ഭാഗം-3

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയിട്ടില്ല

തലനാട് ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 2016-17 വർഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 19 ജലസ്രോതസ്സുകളുടെ നവീകരണം/നിർമ്മാണം നടത്തിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ബില്ലിൽ നിന്നും വാറ്റിനത്തിൽ 44,242 രൂപയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ 8,847 രൂപയും ആദായനികുതി ഇനത്തിൽ 17,697 രൂപയും ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നു. ആദായനികുതി 17,697 രൂപ കേന്ദ്ര സർക്കാരിൽ ഒടുക്കിയിട്ടുണ്ട്. വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഒടുക്കിയതായി കാണുന്നില്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയം 11.8.17 ലെ എക്സിറ്റ് മീറ്റിംഗിൽ ഉന്നയിച്ചപ്പോൾ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഒടുക്കിയിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. വാറ്റിനത്തിൽ 44,242 രൂപ സർക്കാരിലേയ്ക്കും 8,847 രൂപ കേരള സംസ്ഥാന നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കും ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-2 അങ്കണവാടി വൈദ്യുതീകരണം സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു

പ്രോജക്ട് നം. 87/17

ചെലവ്- 9750 രൂപ, മെയിന്റനൻസ് ഫണ്ട് റോഡിതര വിഭാഗം (ബിൽ നം.39/16-17/22.2.17)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി.

അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.യിൽ സി.ഡി. അടയ്ക്കുന്നതിനായി സൂചിത ബിൽ പ്രകാരം 9,750 രൂപ മെയിന്റനൻസ് ഫണ്ട് റോഡിതര വിഭാഗത്തിൽ നിന്നും പിൻവലിച്ചതായി കാണുന്നു. എന്നാൽ ആയത് കെ.എസ്.ഇ.ബി.യിൽ അടയ്ക്കുന്നതിനു പകരം പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (ട്രഷറി അക്കൗണ്ട്) നിക്ഷേപിച്ചിരിക്കുന്നതായി കാണുന്നു. സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 9,750 രൂപ സർക്കാരിൽ ഒടുക്കുന്നതാണ് എന്ന് അറിയിച്ചു. 9,750 രൂപ സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-3 തെരുവ് വിളക്ക് സോളാർ സ്ഥാപിക്കൽ- പൂർത്തീകരണ വിവരം ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.103/17

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 18,54,179 രൂപ

ചെലവ് - 18,46,583 രൂപ

ബിൽ നം/തീയതി	തുക
58/ 16-17/ 29.3.17	7,99,969
59/ 16-17/ 29.3.17	72,404
60/ 16-17/ 29.3.17	9,74,210
ആകെ	18,46,583

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഇ ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത M/s വാട്സൺ എനർജി ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും 40,308 രൂപ വിലയുള്ള 46 സോളാർ തെരുവ് വിളക്കുകൾ വാങ്ങി (ഇൻവോയ്സ് നം. WSE1014/ 27.3.17) സ്റ്റോക്ക് രജിസ്റ്റർ പേജ് 10 ൽ ചേർത്തിട്ടുണ്ട്. 10 വാർഡുകളിലായി ആകെ 30 തെരുവ് വിളക്കുകൾ കൈപ്പറ്റിയതായി വാർഡ് മെമ്പർമാർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. തെരുവ് വിളക്കുകൾ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിപ്പിച്ചതായി ടി സ്ഥാപനത്തിൽ നിന്നും ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രോജക്ടിന്റെ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ടും ഫയലിൽ ചേർത്തിട്ടില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ടും പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ടും ലഭ്യമാക്കുന്നത് വരെ 18,46,583 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-4 പദ്ധതി നിർവ്വഹണവും മോണിട്ടറിംഗും--വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.02/17

അടങ്കൽ- 72,172 രൂപ

ചെലവ് - 68,391 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി.

ബിൽ നം.38/16-17/20.02.17പ്രകാരം 13,200 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ അനുബന്ധ വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പത്രപ്പരസ്യം നൽകിയതിനുള്ള 6,000 രൂപയുടെ ബിൽ ഹാജരാക്കി. 7,200 രൂപയുടെ ബിൽ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. ബിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 7,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-5-1 ആറ്റുപുറം റോഡ് കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം -മിക്സർമെഷീൻ വാടകയിൽ ഇരട്ടിപ്പ്; അധികം നൽകിയ തുക നിരാകരിക്കുന്നു

ആറ്റുപുറം റോഡ് കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം (വർക്ക് കോഡ്-ആർ.സി 56415) എന്ന പ്രവൃത്തിയും തൻ വർഷം പഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ജില്ലാസമിതി അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം 3 ഇനങ്ങൾ ഉൾപ്പെട്ട പ്രവൃത്തിക്ക് 3,98,541/- രൂപയും, കണ്ടിജൻസി ചെലവിനായി 1,459/- രൂപയും ഉൾപ്പെടെ 4,00,000/- രൂപ വകയിരുത്തിയിരുന്നു. മാർക്കറ്റ് നിരക്കിൽ തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റിലെ ഇനം 2,3 എന്നീ കോൺക്രീറ്റ് വേലകൾക്ക് ആവശ്യമായ മിക്സർമെഷീന്റെ വാടകയും (മാർക്കറ്റ് നിരക്ക്) ഈ നിരക്കിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അളവു പുസ്തകത്തിൽ ഇനം 4 ആയി മിക്സർമെഷീന്റെ വാടകയായി 1,459/-രൂപ വീണ്ടും ഉൾപ്പെടുത്തി തുക മാറിയത് അനുവദനീയമല്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രവൃത്തിദിവസം നീണ്ടുപോയതിനാൽ കൂടുതൽ ദിവസം വാടക നൽകേണ്ടി വന്നു എന്ന മറുപടിയാണ് നല്കിയത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 2,000/-രൂപ എസ്റ്റിമേറ്റിൽ (മാർക്കറ്റ് നിരക്ക്) വകയിരുത്തിയ മെഷീൻ വാടക 3,000/-രൂപയായി കണക്കാക്കി വേലമൂല്യം നിശ്ചയിച്ചതാണ് അധികച്ചെലവിന് കാരണമെന്ന് കാണുന്നു. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ അധികരിച്ച് നല്കിയ 1,459/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

3-5-2 ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ-മിക്സർമെഷീൻ വാടക ഇരട്ടിപ്പ്; അധികം നൽകിയ തുക നിരാകരിക്കുന്നു

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അട്ടിക്കുളം - ആറ്റുപുറം റോഡ് കോൺക്രീറ്റിംഗ് (വർക്ക് കോഡ്-ആർ.സി 56220) എന്ന പ്രവൃത്തി തൻ വർഷം പഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ജില്ലാസമിതി അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം 3 ഇനങ്ങൾ ഉൾപ്പെട്ട പ്രവൃത്തിക്ക് 4,42,794/- രൂപയും, കണ്ടിജൻസി ചെലവിനായി 17,206/- രൂപയും ഉൾപ്പെടെ 4,60,000/- രൂപ വകയിരുത്തിയിരുന്നു. മാർക്കറ്റ് നിരക്കിൽ തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റിലെ ഇനം 2, 3 എന്നീ കോൺക്രീറ്റ് വേലകൾക്ക് ആവശ്യമായ മിക്സർമെഷീന്റെ വാടകയും (മാർക്കറ്റ് നിരക്ക്) ഈ നിരക്കിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അളവു പുസ്തകത്തിൽ ഇനം 4 ആയി മിക്സർമെഷീന്റെ വാടകയായി 17,200/-രൂപ വീണ്ടും ഉൾപ്പെടുത്തി തുക മാറിയത് അനുവദനീയമല്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രവൃത്തിദിവസം നീണ്ടുപോയതിനാൽ കൂടുതൽ ദിവസം വാടക നല്കേണ്ടി വന്നു എന്ന മറുപടിയാണ് നല്കിയത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 2,000/-രൂപ എസ്റ്റിമേറ്റിൽ (മാർക്കറ്റ് നിരക്ക്) വകയിരുത്തിയ മെഷീൻ വാടക 3,000/-രൂപയായി കണക്കാക്കി വേലമൂല്യം നിശ്ചയിച്ചതാണ് അധികച്ചെലവിന് കാരണമെന്ന് കാണുന്നു. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ അധികരിച്ച് നല്കിയ 17,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

3-6 പി.എച്ച്.സി കെട്ടിടം അറ്റകുറ്റപ്പണി- അധിക നിരക്ക് നൽകി

പ്രോജക്ട്	പി.എച്ച്.സി കെട്ടിടം അറ്റകുറ്റപ്പണി
പ്രോജക്ട് നം.	105/17
കൺവീനർ	സാബു മരോട്ടിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ	3,00,000
ചെലവ്	2,59,064 (നികുതികൾ കിഴിച്ച് 2,38,339/-രൂപ കൺവീനറുടെ അക്കൗണ്ടിൽ നല്കി)

ഈ പ്രവൃത്തിയുടെ ഇനം 2 ആയി ചെയ്തിട്ടുള്ളത് ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള വേലി നിർമ്മാണമാണ് ഇതിന് എസ്റ്റിമേറ്റ് പ്രകാരം 255 കി.ഗ്രാം പൈപ്പിന് 151.16/കി.ഗ്രാം നിരക്കിൽ 38,548.80 രൂപ വകയിരുത്തുകയും അളവുപുസ്തകപ്രകാരം 177.584 കി ഗ്രാം പ്രവൃത്തിക്ക് 26,843.59 രൂപ (177.584*151.16)ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൺവീനർ ഹാജരാക്കിയ യഥാർത്ഥ ബില്ല് പ്രകാരം 114 കി.ഗ്രാം പൈപ്പ് മാത്രമാണ് വാങ്ങിയിട്ടുള്ളത് . ഇതിന് നല്കാവുന്ന തുക 17,232.24 രൂപ മാത്രമാണ്. 9,611.35 രൂപ (26843.59-17232.24) അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം3) അധികം നല്കിയ തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. കൺവീനറിൽ നിന്നും തുക ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-7 ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.14/17

അടങ്കൽ- 2,00,000 രൂപ

ചെലവ് - 2,00,000 രൂപ (ബിൽ നം.1/16-17/20.2.17)

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ ആയുർവ്വേദം.

ഔഷധിയുടെ 17.2.17 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 2 ലക്ഷം രൂപ പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനെല്ലൂർ ശാഖയിലെ 5913005900000015 നമ്പർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടിയാണ് തുക നൽകിയത്. 22.2.17 ൽ 2 ലക്ഷം രൂപ ക്രഡിറ്റിൽ വന്നതായി 11.3.17 ൽ ഔഷധി അറിയിച്ചു. ഔഷധിയുടെ 21.3.17 ലെ 2449 നമ്പർ ഇൻവോയ്സ് പ്രകാരം 85,112 രൂപയുടെ മരുന്നുകൾ സപ്ലൈ ചെയ്തു. ബാക്കി 1,14,888 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,14,888 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8 മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

(എ) പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ-- മരുന്നുകൾ ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രൊജക്ട് നം- 069/2017

അടങ്കൽ - 1,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 1,00,000 (ബിൽ നം. 06/16-17 തീ.25.02.2017)

തലനാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിന് ₹1,00,000/- 02.01.2017തീയതിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) സാന്ത്വന പരിചരണ പദ്ധതി-ഉപകരണങ്ങൾ ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രൊജക്ട് നം- 021/2017

അടങ്കൽ - 3,00,000- വികസനഫണ്ട്(ജനറൽ)

ചെലവ് - 2,00,000 (ബിൽ നം. 02/16-17 തീ.15.12.2016 രൂ.36500/-

ബിൽ നം. 04/16-17 തീ.30.12.2016 രൂ.22216/-

ബിൽ നം. 05/16-17 തീ.25.02.2017 രൂ.28400/-

ബിൽ നം. 07/16-17 തീ.25.02.2017 രൂ.46153/-

ബിൽ നം. 08/16-17 തീ.31.03.2017 രൂ.66731/-)

ബിൽ നം. 07/16-17 പ്രകാരം പിൻവലിച്ച ₹ 46153/-യിൽ ₹ 40623/- സാന്ത്വന പരിചരണ പദ്ധതിക്കായി ഉപകരണങ്ങൾ വാങ്ങുന്നതിന് 02.01.2017 തീയതിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല

മേൽപ്പറഞ്ഞ തുകകളുടെ കൈപ്പറ്റ് രസീതുകളും ലഭ്യമായിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്നതുവരെ ₹ 2,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(സി) ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രൊജക്ട് നം- 023/2017

അടങ്കൽ - 1,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 1,00,000 (ബിൽ നം. 03/16-17 തീ.30.12.2016)

ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിന് ₹1,00,000/- ആലപ്പുഴയിലെ സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമസിക്ക് 02.01.2017 ലെ ഡി.ഡി.നം.269470 പ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ ₹ 1,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-9 സ്ഥലം വാങ്ങുന്നതിന് ധനസഹായം-50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 77/17 പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് ധനസഹായം ഇനത്തിൽ മായാശിവരാമൻ, ഇല്ലിക്കൽ എന്നയാൾക്ക് 5 സെന്റ് സ്ഥലം വാങ്ങുന്നതിന് 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മായാ ശിവരാമന്റെ പിതാവിന് 0.8080 ഹെക്ടർ സ്ഥലം ഉള്ളതായി വില്ലേജ് ഓഫീസർ നല്കിയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പിൻതുടർച്ചാവകാശമായി പോലും വസ്തു ലഭിക്കാൻ സാദ്ധ്യത ഇല്ലാത്തവർക്ക് മാത്രമായി സബ്സിഡി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ മായാ ശിവരാമന് ധനസഹായം നല്കിയതിനുള്ള സാഹചര്യം ബോധ്യപ്പെട്ടിട്ടില്ല. അപാകതകൾക്ക് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പരാമർശിത സ്ഥലം ഭവന നിർമ്മാണത്തിന് യോഗ്യമല്ലെന്ന് ബോധ്യപ്പെട്ടതിനാൽ തുക അനുവദിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതായി അറിയിച്ചിട്ടുണ്ട്. ഈ വിഷയം എക്സിറ്റ് മീറ്റിംഗിൽ ഉന്നയിച്ചപ്പോൾ, "ഭവന നിർമ്മാണത്തിന് യോഗ്യമല്ലാത്ത സ്ഥലങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടെന്നും, എന്നാൽ ഈ വിഷയത്തിൽ കൂടിയ അളവിൽ സ്ഥലം ഉള്ളത് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നത് സംബന്ധിച്ച് സംശയം ഉള്ളതായും" പ്രസിഡന്റ് പറയുകയുണ്ടായി. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഭരണ സമിതി അർഹത ഉറപ്പു വരുത്തുന്നതു വരെ ചെലവഴിച്ച 50,000/-രൂപ തടസ്സപ്പെടുത്തുന്നു.

3-10 ഭവനപുനരുദ്ധാരണം-25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 84/17 പ്രകാരം ഭവനപുനരുദ്ധാരണത്തിന് 5 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം

വികസനഫണ്ടിൽ നിന്നും അവരവരുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ഉടമ തയ്യാറാക്കിയ എസ്റ്റിമേറ്റ്, ബന്ധപ്പെട്ട വീട് നിർമ്മിച്ച് 12 വർഷം കഴിഞ്ഞു എന്ന സാക്ഷ്യപത്രം, എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് സമിതിയുടെ പരിശോധനാ റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ഈ സാഹചര്യത്തിൽ അർഹരായവർക്കാണ് തുക നല്കിയതെന്നും, നല്കിയ തുക യഥാവിധി വിനിയോഗിച്ചിട്ടുണ്ട് എന്നും ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.2) 4 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതായും രാജന്ദ്രൻ, ആരോലിക്കൽ എന്നയാൾ തുക കൈപ്പറ്റിയെങ്കിലും പണി നടത്തിയിട്ടില്ല എന്നും മറുപടി നല്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെയും മോണിറ്ററിംഗ് സമിതി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാത്രം തുക നല്കണമെന്നിരിക്കെ മുൻകൂർ തുക നല്കിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്ന് വന്ന വീഴ്ചയാണ്. ഈ ആൾക്ക് നല്കിയ 25,000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കിയോ, മുൻകൂർ നല്കിയ തുക തിരികെ ഈടാക്കിയോ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-11 പഠനമുറി നിർമ്മാണത്തിന് സഹായം-ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

പ്രോജക്ട് നം 80 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് 6,00,000/- രൂപയും പ്രോജക്ട് നം 81 പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് 7,96,327/- /- രൂപയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 4 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാൻ അവശേഷിക്കുന്നു. ജി.ഒ (ആർ.റ്റി)626/2016 തസ്വഭവ 15.02.2016 പ്രകാരം 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീടുള്ളവർക്ക് കുറഞ്ഞത് 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മുറി നിർമ്മിക്കുന്നതിനാണ് സബ്സിഡി അനുവദനീയമായിട്ടുള്ളത്. എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി അളവ് രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ 1,00,000/- രൂപ വരെ അനുവദിക്കാവുന്നതാണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ വീടുകളുടെ വിസ്തീർണ്ണം സംബന്ധിച്ചോ, നിർമ്മിച്ച പഠനമുറിയുടെ വലിപ്പം സംബന്ധിച്ചോ വിവരങ്ങളില്ല. ആകെ ചെലവ് മാത്രം രേഖപ്പെടുത്തിയ വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് ഓവർസിയർ നല്കിയിട്ടുള്ളത്. മോണിറ്ററിംഗ് സമിതിയുടെ പരിശോധനാ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അർഹമായ നിർമ്മാണത്തിന് മാത്രമാണ് സബ്സിഡി നല്കിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തുന്നതിന് ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3-12 തദ്ദേശമിത്രം പദ്ധതി അവലോകനം

ട്രൈബൽ ക്ലസ്റ്റേഴ്സുള്ളതും പിന്നാക്കാവസ്ഥയിലുള്ളതുമായ ഗ്രാമപഞ്ചായത്തുകൾക്ക് തദ്ദേശമിത്രം പദ്ധതി പ്രകാരം അധികധനസഹായം അനുവദിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട തലനാട് ഗ്രാമപഞ്ചായത്തിന് ലോകബാങ്ക് പ്രത്യേക ഗ്രാന്റ് ഇനത്തിൽ 30.11.2016 ലെ ജി.ഒ (ആർ.ടി) നം.9307/2016/ഫിൻ പ്രകാരം 2016-17 വർഷം അലോട്ട്മെന്റായി 2 കോടി രൂപ ലഭിച്ചിരുന്നു. ഇതിൽ 40 ലക്ഷം രൂപ പിൻവലിച്ച് ചൊവ്വൂർ - മരയട്ടിക്കൽ റോഡ് നിർമ്മാണത്തിനായി ഇടുക്കി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് മൊബിലൈസേഷൻ അഡ്വാൻസായി കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണമേൽനോട്ടത്തിനായി മാത്രം പ്രോജക്ട് ഡയറക്ടറുടെ നിർദ്ദേശാനുസരണം കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധിച്ചതിന്റെയും പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

<u>എസ്റ്റിമേറ്റും സാങ്കേതിക അനുമതിയും</u>

ഏകദേശം 1.5 കി.മീ നീളം വരുന്ന റോഡ് നിർമ്മാണത്തിന് 2 കോടി രൂപ നിർമ്മാണച്ചെലവാണ് കണക്കാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ സാങ്കേതിക അനുമതി നല്കിയിരിക്കുന്നത് നിർമ്മിതി കേന്ദ്രം റീജിയണൽ എഞ്ചിനീയർ ഉൾപ്പെട്ട സമിതിയാണ്. തനത് സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികൾക്ക് പോലും സാങ്കേതിക അനുമതി നല്കുന്നതിന് പുറത്തു നിന്നുള്ള എഞ്ചിനീയറിംഗ് വിഭാഗമാകണമെന്ന് ജി.ഒ (എം.എസ്)133/07 ത.സ്വ.ഭ.വ 18.5.2007 ലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 2 കോടി വരെ അടങ്കലുള്ള പ്രവൃത്തികൾക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതിക അനുമതിയാണ് വാങ്ങേണ്ടത്. ഈ സാഹചര്യത്തിൽ നിയമാനുസൃതമുള്ള സാങ്കേതിക അനുമതി പ്രവൃത്തിക്ക് ലഭിച്ചിട്ടില്ല എന്ന് കണക്കാക്കേണ്ടിയിരിക്കുന്നു.

<u>നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ചതു സംബന്ധിച്ച്</u>

ജി.ഒ (ആർ.റ്റി)244/2013 ത.സ്വ.ഭ.വ 30.01.2011 പ്രകാരം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് സംവിധാനം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതിയുടെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തി മാത്രം അവരെ

ഏൽപ്പിച്ചാൽ മതി എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതിന് വിരുദ്ധമായി പ്രവൃത്തി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിക്കുകയും അവർക്ക് 40 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസ് നല്കുകയും ചെയ്തു. സംസ്ഥാന നിർമ്മിതി കേന്ദ്രം നിയമവിരുദ്ധമായി ടെണ്ടർ ക്ഷണിക്കുകയും ഇതു സംബന്ധിച്ച് പഞ്ചായത്തിൽ ലഭിച്ച പരാതി പരിഗണിച്ച് മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ച് വാങ്ങി പ്രവൃത്തി ഇടുക്കി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ ഏല്പ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

<u>മാനേജ്മെന്റ് ചാർജ്ജും നികുതി വകയിരുത്തലും</u>

പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിന് മാനേജ്മെന്റ് ചാർജജായി 2 ശതമാനം പരിധിയില്ലാതെ ഏജൻസിക്ക് നല്കാവുന്നതാണ്. എന്നാൽ 2 കോടി അടങ്കലുള്ള പ്രവൃത്തി എസ്റ്റിമേറ്റിൽ ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. MoRD സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ് ഇനത്തിൽ 7.5% ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നികുതി അടക്കേണ്ട ബാധ്യത ഏജൻസിക്കാണ്. ലഭിച്ചിട്ടുള്ള സാങ്കേതിക അനുമതി പ്രകാരം ഉള്ള സാമ്പത്തിക വകയിരുത്തൽ താഴെ പറയും പ്രകാരമാണ്.

പ്രവൃത്തി മൂല്യം	17391304.35
ഇൻസ്റ്റിറ്റ്യൂഷൻ ഫീസ് 8%	1391304.35
നികുതികൾ	1217391.30
ആകെ	2,00,00,000/-

(നികുതി ഇനത്തിൽ തുക വകയിരുത്തിയതും, 2% ന് പകരം 8% ഇൻസ്റ്റിറ്റ്യൂഷൻ ഫീസ് ആയി വകയിരുത്തിയതും നിയമാനുസൃതമല്ല)

<u>സൂപ്പർവിഷനും അളവുരേഖപ്പെടുത്തലും</u>

ജി.ഒ (എം.എസ്)133/07 ത.സ്വ.ഭ.വ 18/5/2007 പ്രകാരം തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളിലൊഴികെ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറാണ്. ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥൻ ചെക്ക് മെഷർമെന്റ് എടുക്കുകയും വേണം എന്നാൽ 12930827.75 രൂപ വാല്യുവേഷൻ നല്കിയ പ്രവൃത്തിയുടെ അളവുകൾ നാളിതുവരെ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രീ മെഷർമെന്റ് എടുത്ത് അളവു പുസ്തകത്തിൽ രേഖപ്പെടുത്തേണ്ട പല പ്രവൃത്തികളും ആദ്യ ഘട്ടത്തിൽ ഉണ്ടായിരുന്നപ്പോൾ (ഉദാ. ഡവൽ ബാർ, ബേസ് കോൺക്രീറ്റ് സ്റ്റീൽ വർക്ക് തുടങ്ങിയവ) ആയവ അളവുപുസ്തകത്തിൽ രേഖപ്പെടുത്താതിരുന്ന നടപടി ഗുരുതരമായ കൃത്യവിലോപമാണ്.(അളവുപുസ്തകം പരിശോധനക്ക് ആവശ്യപ്പെട്ടപ്പോൾ അളവുപുസ്തകം എഴുതുന്നില്ല എന്നും അളവുകൾ നോട്ട് ബുക്കിൽ കുറിക്കുകയാണ് ചെയ്യുന്നത് എന്നും ഓവർസിയർ അറിയിച്ചു)

<u>നിലവിലെ സ്ഥിതി</u>

സൈറ്റ് നേരിൽ പരിശോധിച്ചതിൽ പ്രവൃത്തി നടന്നു വരുന്നതായിബോധ്യപ്പെട്ടു.പ്രവൃത്തികൾ ഭാഗികമാണ്.രണ്ടാംഘട്ടം ഫണ്ട് നല്കലിന് മുന്നോടിയായി ലഭിച്ച വാല്യുവേഷൻ പ്രകാരം നടന്ന പ്രവൃത്തിയുടെ മൂല്യം ചുവടെ ചേർക്കുന്നു.

ഇനം	എസ്റ്റിമേറ്റ് പ്രകാരം ഉള്ള തുക	വാല്യുവേഷൻ എടുത്തത്
App.A റോഡ് ഫോർമേഷൻ	22,90,845.00	12930827.75
App.B റീട്ടെയിനിംഗ് വാൾ	93,61,791.00	
App.Cപൈപ്പ് കൾവർട്ട്	10,66,979.00	
App.D ടാറിംഗ്	72,73,729.00	
ഫലകം	5,000.00	
മറ്റ് ചെലവ്	1,656.00	
ആകെ	2,00,00,000/-	12930827.75

സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ 5% അധികരിച്ചാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന്

2012 ലെ പൊതുമരാമത്ത് മാന്വൽ 16.01.16 ൽ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ 12 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് നിരക്ക് അധികരിച്ചിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസാങ്കേതിക അനുമതി വാങ്ങാത്തത് പ്രവൃത്തി ഭാഗികമായി അവസാനിക്കുന്നതിനും പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനും കാരണമാകുമെന്ന് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ ഗുണ നിലവാരവും പ്രയോജനവും ഉറപ്പ് വരുത്തുന്നതിലും ഇത് സംബന്ധമായ ഫയൽ ചിട്ടയായി സൂക്ഷിക്കുന്നതിലും ജാഗ്രതാ പൂർണ്ണമായ സമീപനം ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അധികൃതരുടെ സജീവ ശ്രദ്ധ മേൽ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

3-13 വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങളും വാങ്ങൽ പദ്ധതി-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രൊജക്ട് നം- 070/2017

അടങ്കൽ - 2,00,000- വികസന ഫണ്ട്(ജനറൽ)

ചെലവ് - 1,00,000 (ബിൽ നം. 10/16-17 തീ.31.03.2017)

മെഡിക്കൽ ഓഫീസർ,പി.എച്ച്.സി തലനാട് നടപ്പാക്കിയ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ വാങ്ങലും പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പ്രോജക്ട് നിർവ്വഹിക്കുന്നതിനാവശ്യമായ ഹയറിംഗ് & ഡെക്കറേഷൻ ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊണ്ടുള്ള ക്വട്ടേഷൻ നോട്ടീസ് വില്ലേജ് ഓഫീസ് ,ട്രഷറി ഓഫീസ് തുടങ്ങിയ ഓഫീസുകളിൽ പ്രദർശനത്തിന് നൽകി വ്യാപകമായ പ്രചാരണം നൽകിയതായി കാണുന്നില്ല.

2.ലഭിച്ച ക്വട്ടേഷനുകൾ മെഡിക്കൽ ഓഫീസർ ഒപ്പ് രേഖപ്പെടുത്തി അധികൃതമാക്കിയിട്ടില്ല.

3.പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം എന്ന് രേഖപ്പെടുത്തിയാണ് ഓരോ ബില്ലുകളും നിർവ്വഹണോദ്യോഗസ്ഥ അധികൃതമാക്കിയിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ഹെൽത്ത് ഇൻസ്പെക്ടറെ ആയതിന് ചുമതലപ്പെടുത്തുന്നതായി തുടർന്ന് ചാർജെടുത്ത മെഡിക്കൽ ഓഫീസർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4. ₹1,00,000/-ചെലവഴിച്ച് മെഡിക്കൽ ക്യാമ്പ് മാത്രമാണ് (പദ്ധതിയുടെ മുന്നൊരുക്കം) നടത്തിയിട്ടുള്ളത്. ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ല. മെഡിക്കൽ ക്യാമ്പിലെ പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര ഉപകരണങ്ങളുടെ ആവശ്യകത കണ്ടെത്തിയെന്ന് വ്യക്തമല്ല. അത് പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പദ്ധതി പൂർത്തീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ട്	ചെലവ്	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	1,00,000	പാലിയേറ്റീവ് പരിചരണം	90,750	9,250

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനായി നിർവ്വഹണ ഏജൻസികളിൽ തൻവർഷം തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

പ്രോജക്ട് നം.104/17, മറയാട്ടിക്കൽ ചെവ്വൂർ റോഡ് നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ലോകബാങ്ക് ധനസഹായത്തിൽ നിന്നും 40,00,000 രൂപ മൊബിലൈസോഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെക്കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ്. ഭവനനിർമാണപദ്ധതി	ജി.ഒ.(ആർ.ടി.) 1078/2010 /തസ്വഭവ /26.3.10	8281500	90,400	90,400	-	0

4-5 സ്ഥിരനിക്ഷേപങ്ങൾ (വാർഷിക കണക്കു പ്രകാരം)

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	7, 19	2003.04 പേജ് 63		1)ശമ്പളപരിഷ്കരണക്കുടിശ്ശിക (ഒരേ കാലയളവിലേയ്ക്ക്) രണ്ടു തവണ പിൻവലിച്ചു. 2) എൻജിനീയറിംഗ് ഫീസ് അധികം നൽകി.	-

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	2,84,73,027
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	2,74,45,926
വരവിനങ്ങളിലുള്ള നഷ്ടം	697

ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	28,271
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	24,43,671

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-2	697	--	ശ്രീ.രാരാരാജ്, സെക്രട്ടറി
3-5-1	--	1,459	ശ്രീ.രാരാരാജ്, സെക്രട്ടറി
3-5-2	--	17,200	ശ്രീ.രാരാരാജ്, സെക്രട്ടറി
3-6	--	9,612	ശ്രീമതി ഗിരിജ, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	697	28,271	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	18,46,583	ശ്രീ.രാരാരാജ്, സെക്രട്ടറി
3-4	7,200	ശ്രീ.രാരാരാജ്, സെക്രട്ടറി
3-7	1,14,888	ഡോ.സെറിൻ എസ്., മെഡിക്കൽ ഓഫീസർ, ആയുർവ്വേദം
3-8(എ)	1,00,000	ഡോ.ആരതി രഞ്ജിത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
3-8(ബി)	1,33,269	ഡോ.ആരതി രഞ്ജിത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
	66,731	ഡോ.രാധിക വിജയൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
3-8(സി)	1,00,000	ഡോ.ആരതി രഞ്ജിത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
3-9	50,000	ശ്രീ.സിജോഷ് ജോർജ്ജ്, വി.ഇ.ഒ.
3-10	25,000	ശ്രീ.സിജോഷ് ജോർജ്ജ്, വി.ഇ.ഒ.
ആകെ	24,43,671	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-4, 2-5

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.രാരാരാജ്, സെക്രട്ടറി	സെക്രട്ടറി, തലനാട് ഗ്രാമപഞ്ചായത്ത്	ശ്രീമംഗലം, ഇടവ പി.ഒ., തിരുവനന്തപുരം
ശ്രീമതി ഗിരിജ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, തലനാട് ഗ്രാമപഞ്ചായത്ത്	മടത്തുങ്കൽ, മണർകാട് പി.ഒ., കോട്ടയം

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ.എഫ്.കെ.പി2/228/16/30.3.2016	10
1998-99(ചെലവ്)	കെ.എസ്.എ-കെ.ടി.എം.പി.2-229/16/30.3.16	-
1998-99(വരവ്)	എൽ.എഫ്.കെ.പി3/1533/07/14.7.08	8
1999-00(ചെലവ്)	എൽ.എഫ്.കെ.പി2- 314/16/31.3.2016	-
2000-01, 2001-02 (പ്ലാൻ)	എൽ.എഫ്.കെ.പി2-278/അദാ.14(5)/26.11.2014	-
2000-01(വരവ്)	എൽ.എഫ്.കെ.പി2-278/അദാ.14(4)/26.11.2014	2
2002-03(ചെലവ്)	എൽ.എഫ്.കെ.പി2- 232/16/1.4.2016	2
2002-03(വരവ്)	എൽ.എഫ്.കെ.പി2- 1300/11/26.3.12	4
2003-04	എൽ.എഫ്.കെ.പി2- 439/15(2)/2.9.15	10
2004-05	എൽ.എഫ്.കെ.പി2- 439/15(3)/2.9.15	9
2005-06	എൽ.എഫ്.കെ.പി2- 439/15(4)/2.9.15	6
2006-07	എൽ.എഫ്.കെ.പി2- 439/15(5)/2.9.15	8
2007-08	എൽ.എഫ്.കെ.പി2- 439/15(6)/2.9.15	8
2008-09	എൽ.എഫ്.കെ.പി2-1306/11/27.3.2012	-
09-10, 10-11,11-12	എൽ.എഫ്.കെ.പി2-439/15(7)/ 2.9.2015	10
2012-13, 2013-14	എൽ.എഫ്.കെ.പി2- 1262/15/7.10.15	6
2014-15	കെ.എസ്.എ-കെ.ടി.എം.പി.2-1125/16/3.8.2016	16
2015-16	കെ.എസ്.എ-കെ.ടി.എം.പി.2/1839/16/8.12.16	

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി14/1343/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:08.09.2017

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായിഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം